151 (1511) **ഗവൺമെന്റ് ആയുർവേദ കോളേജ് വിദ്യാഭ്യാസ വകുപ്പിലെ നിയമനങ്ങൾ**

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഗവൺമെന്റ് ആയുർവേദകോളേജ് വിദ്യാഭ്യാസ വകുപ്പിൽ അണ്ടർ ഗ്രാഡ്വേറ്റ്, പോസ്റ്റ് ഗ്രാഡ്വേറ്റ് എന്നീ വിഭാഗങ്ങൾ എന്നുമുതലാണ് അമാൽഗമേറ്റ് ചെയ്ത് പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളത്.

(ബി) ഈ യൂണിറ്റുകളിൽ നിയമനം ലഭിച്ചിട്ടുള്ള അദ്ധ്യാപകർക്കും ആനുകൂല്യങ്ങൾ സർക്കാർ നിഷേധിക്കുന്നതായി ഹൈക്കോടതി വിധിയിൽ പരാമർശം നടത്തിയിട്ടുണ്ടോ; കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും അദ്ധ്യാപകൻ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിന് സർക്കാരിൽ അപേക്ഷ നൽകിയിട്ടുണ്ടോ;

(സി) മെച്ചപ്പെട്ട ശബളസ്കെയിൽ ഉൾപ്പെടെ പ്രസ്തുത വിഷയത്തിൽ കേരള സംസ്ഥാന അക്കൗണ്ടന്റ് ജനറലിന്റെ സംശയങ്ങൾ എന്താണ്; ഇതിനുള്ള മറുപടിയായി സർക്കാർ തീരുമാനമെടുത്ത് എ.ജി.യെ അറിയിച്ചിട്ടുണ്ടോ; ഈ മറുപടി ഹൈക്കോടതി വിധിക്കും സർക്കാർ മുൻ തീരുമാനങ്ങൾക്കും വിപരീതമാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് തിരുവനന്തപുരം ആയുർവേദ കോളേജ് സ്വസ്ഥവൃത്ത വിഭാഗം അദ്ധ്യാപകന്റെ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(ഡി) ഹൈക്കോടതിയുടെ അനുകൂലവിധിയും ധനകാര്യ നിയമവകുപ്പുകളുടെ അംഗീകാരവും അനുവാദവും ഉണ്ടായിട്ടും അക്കൗണ്ടന്റ് ജനറലിന്റെ കത്തിന് വിപരീത തീരുമാനമെടുത്തതിന്റെ സാഹചര്യം എന്താണ്;

(ഇ) പരാതിക്കാരനായ അപേക്ഷകന് ന്യായമായ ആനുകൂല്യങ്ങൾ നൽകുന്നതിന് സർക്കാർ എത്രയും വേഗം നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ആയുർവേദകോളേജിലെ യു.ജി.-പി.ജി. വിഭാഗങ്ങൾ അമാൽഗമേറ്റ് ചെയ്തുകൊണ്ട് 29.3.88-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും ഹൈക്കോടതിയുടെ വിധിന്യായങ്ങളുടെ വെളിച്ചത്തിൽ പ്രാബല്യത്തിൽ വരുത്താൻ സാധിച്ചില്ല. രണ്ടു വിഭാഗങ്ങളെയും സംയോജിപ്പിച്ചുകൊണ്ട് കോമൺ സീനിയോറിറ്റി ലിസ്റ്റും, സ്പെഷ്യൽ റൂൾസും നിലവിൽ വന്നെങ്കിൽ മാത്രമേ സംയോജനം നടന്നതായി കണക്കാക്കാൻ കഴിയുകയുള്ളുവെന്ന് ഹൈക്കോടതിയുടെ വിധിന്യായങ്ങളിലൂടെ വ്യക്തമാക്കിയിരുന്നു. അതനുസരിച്ച് 20.1.98-ലെ നോട്ടിഷിക്കേഷൻ മുഖേന സംസ്ഥാനത്തെ ഗവൺമെന്റ് ആയുർവേദകോളേജുകളിലെ എല്ലാ അദ്ധ്യാപകർക്കും ബാധകമാക്കിക്കൊണ്ടുള്ള സ്പെഷ്യൽ റൂൾസും 16-3-98 ലെ ഉത്തരവിലൂടെ കംപയിൻഡ് ഗ്രഡേഷൻ ലിസ്റ്റും പുറപ്പെടുവിക്കുകയും സംയോജനം നിയമപരമായി പ്രാബല്യത്തിൽ വരുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) അദ്ധ്യാപകർക്ക് ആനുകൂല്യങ്ങൾ നിഷേധിക്കുന്നതായി ഹൈക്കോടതിയുടെ ഏതെങ്കിലും വിധിയിൽ പരാമർശം നടത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ഒ.പി.നം. 2482/98 ഹൈക്കോടതിവിധിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ആയുർവേദകോളേജിലെ റീഡർ

LIBRARY ARCHIVES Kerala Legislative Assembly

ഡോ. പി.കെ. അശോക് സർക്കാരിൽ പരാതി നൽകുകയും 19.12.98 ലെ ജി.ഒ. (ആർ.ടി)നം.3202/98/ ആ.കു.വ പ്രകാരം ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) പി.ജി.വിങ്ങിലെ റീഡർ തസ്തിക ആയുർവേദകോളേജിലെ റീഡർ തസ്തികയുടെ പ്രൊമോഷൻ തസ്തികയാണോ എന്നും അങ്ങനെയെങ്കിൽ. ശ്രീ. പി.കെ അശോകിന്റെ ശമ്പളം കെ.എസ്.ആർ. ഭാഗം 1 റൂൾ 28 എ. പ്രകാരം നിർണ്ണയിക്കുകയും പുനർനിർണ്ണയിക്കുകയും ചെയ്യാമോ എന്ന് ചോദിച്ചിരുന്നു.

ഇതിന് മറുപടിയായി പി.ജി. വിംഗിലെ റീഡർ തസ്തിക ആയുർവേദ കോളേജിലെ റീഡർ തസ്തികയുടെ പ്രൊമോഷൻ തസ്തിക അല്ല എന്ന് എ. ജി. യെ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് സ്വസ്ഥവൃത്തം വിഭാഗം അദ്ധ്യാപകരായ ഡോ. പി.കെ. അശോകിൽനിന്നും ലഭിച്ച പരാതി സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) പി.ജി. വിംഗിലെ റീഡർ തസ്തിക ആയുർവേദകോളേജിലെ റീഡർ തസ്തികയുടെ പ്രൈമോഷൻ തസ്തിക അല്ലായെന്ന വസ്തുത അറിയിച്ചുകൊണ്ട് അക്കൗണ്ടന്റ് ജനറലിന് മറുപടി നൽകി. ഇത് വിപരീതമായ തീരുമാനം അല്ല.

(ഇ) പരാതിക്കാരനായ അപേക്ഷകന് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

152 (1512) ഹോമിയോപതി മെഡിക്കൽ വിഭാഗത്തിലെ വിവിധ കോഴ്സുകൾ

ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി. നാരായണൻ :
ശ്രീ. ജോസ് ബേബി :
പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോമിയോപ്പതി മെഡിക്കൽ വിഭാഗത്തിന് ഇപ്പോൾ പ്രത്യേക ഡ്രഗ്സ് കൺട്രോളർ ഉണ്ടോ; ഇല്ലെങ്കിൽ ഈ വിഭാഗത്തിന് പ്രത്യേകം ഡ്രഗ്സ് കൺട്രോളറെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ:

(ബി) ഹോമിയോപ്പതിയിൽ ഉണ്ടായിരുന്ന ഫാർമസിസ്റ്റ്-കം- നഴ്സ് കോഴ്സ് ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്നാണ് നിർത്തലാക്കിയത്; ഇപ്രകാരം ചെയ്യുന്നതിനുണ്ടായ കാരണം വിശദമാക്കുമോ;

(സി) ഫാർമസി കൗൺസിലും ഫാർമസി രജിസ്ട്രേഷനും, ഫാർമസി കോഴ്സും നേഴ്സിംഗ് കോഴ്സും ഹോമിയോപ്പതിക്ക് പ്രത്യേകമായി ഉണ്ടാകണമെന്ന് കാണിച്ച് നിവേദനങ്ങൾ എന്തെങ്കിലും ഈ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly